മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

വാർത്താക്കുറിപ്പ്

2025 നവംബർ 3

ആദിവാസി ഗവേഷണം: എംജിയിൽ ദേശീയ സെമിനാർ ഇന്ന് മുതൽ

കേരളത്തിലെ ആദിവാസി സമൂഹങ്ങളുടെ ആധുനിക ഗവേഷണങ്ങളെയും സാംസ്കാരിക പ്രകടനങ്ങളെയും ആസ്പദമാക്കി ദ്വിദിന ദേശീയ സെമിനാർ നവംബർ 4, 5 തീയതികളിൽ മഹാത്മാഗാന്ധി സർവ്വകലാശാല പുല്ലരിക്കുന്ന് ക്യാമ്പസിൽ നടക്കും. ഇന്ന് രാവിലെ 10 മണിക്ക് സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. അരവിന്ദകുമാർ സെമിനാർ ഉദ്ഘാടനം ചെയ്യും. സ്കൂൾ ഓഫ് സോഷ്യൽ സയൻസസും കോഴിക്കോട് ആസ്ഥാനമായ കിർട്ടാട്സും സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്. കേരള പട്ടികവർഗ്ഗ വകുപ്പിന്റെ 50-ാം വാർഷികവും ബിർസാ മുണ്ടയുടെ 150-ാം ജന്മവാർഷികവും പ്രമാണിച്ചാണ് സെമിനാർ സംഘടിപ്പിക്കുന്നത്. കിർട്ടാഡ്സ് ഡയറക്ടർ ഡോ.എസ് ബിന്ദു അധ്യക്ഷത വഹിക്കും. സെമിനാറിൽ പ്രമുഖ ആദിവാസി ഗവേഷകരും അധ്യാപകരും സംരംഭകരും സാമൂഹ്യപ്രവർത്തകരും പങ്കെടുക്കും.

(പി.ആർ.ഒ/39/2161/2025)

ബിനാലെ ഔട്ട് റീച്ച് പ്രോഗ്രാം നാളെ എം ജി യിൽ

കൊച്ചി മുസിരിസ് ബിനാലെയുടെ മുന്നോടിയായി കല.. കാലം ..കലാപം (Art...Time...Conflict) *എന്ന വിഷയത്തിൽ സംഘടിപ്പിക്കപ്പെടുന്ന പരമ്പരയിലെ ആദ്യ പരിപാടിക്ക് എം ജി സർവ്വകലാശാലയിൽ നവംബർ 5 ന് തുടക്കമാകും. കലയുടെ സാംസ്കാരിക രാഷ്ട്രീയം ചർച്ച ചെയ്യുന്ന വേദി ആണിത്.*

എം ജി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്ത്രീ പഠനങ്ങൾ ഇൻ സയൻസ് ഓഫ് മ്യൂസിക്കുമായി ചേർന്ന് സംഘടിപ്പിക്കുന്ന ഈ ഏകദിന പരിപാടി എംജി യൂണിവേഴ്സിറ്റി കൺവർജൻസ് അക്കാഡമി കോംപ്ലക്സിലുള്ള സെമിനാർ വേദിയിലാണ് നടക്കുന്നത്. കൂടിയാട്ടത്തെ ആദ്യമായി പൊതു വേദിയിൽ അവതരിപ്പിച്ച പൈങ്കുളം രാമചാക്യാരുടെ കലാവിപ്ലവത്തിന്റെ 76 വർഷങ്ങളുടെ ഓർമ്മകൾ പങ്കുവയ്ക്കുന്ന പരിപാടി ആണിത്.

കലാമണ്ഡലത്തിലെ ആദ്യ ബാച്ചിലെ അദ്ദേഹത്തിന്റെ ശിഷ്യരായ കൂടിയാട്ട കലാകാരികളും കലാകാരന്മാരും ഇവിടെ ഒത്തു ചേരും.

രാവിലെ 10 മണിക്ക് ആരംഭിക്കുന്ന ഉദ്ഘാടനസമ്മേളനത്തിൽ ആർട്ട് ക്യൂറേറ്റർ കൂടിയായ കേളി രാമചന്ദ്രൻ ആമുഖഭാഷണം നടത്തും. ഡോ ജയചന്ദ്രൻ കെ അധ്യക്ഷനാകും. സംവാദ പരമ്പരയുടെ ഉദ്ഘാടനം എം.ജി സർവകലാശാല ബഹു. വൈസ് ചാൻസലർ, ഡോ സി ടി അരവിന്ദകുമാർ നിർവഹിക്കും.

കലാകൃത്തും കൊച്ചി മുസിരിസ് ബിനാലെയുടെ പ്രസിഡന്റുമായ ബോസ് കൃഷ്ണമാചാരി വിശിഷ്ടാതിഥിയായി ഉത്ഘാടന സമ്മേളനത്തിൽ പങ്കെടുക്കും.
അഡ്വ. റെജി സക്കറിയ (സിൻഡിക്കേറ്റ് അംഗം, എം.ജി. സർവകലാശാല)
ഡോ. ബിജു പി .ആർ (DCDC എം ജി സർവകലാശാല) എന്നിവർ ആശംസകൾ അർപ്പിക്കും. ഡോ ഹരികുമാർ എസ്. നന്ദി രേഖപ്പെടുത്തും.

ഉത്ഘാടന സമ്മേളനത്തിനു ശേഷം 11.15ന് കലാമണ്ഡലം കൃഷ്ണേന്ദുവും സംഘവും അവതരിപ്പിക്കുന്ന നങ്ങ്യാർകൂത്ത് വേദിയിൽ അവതരിപ്പിക്കും.
ഉച്ചക്ക് 1.30 ന് അനന്തകൃഷ്ണൻ (ബഹു വൈസ് ചാൻസലർ, കേരള കലാമണ്ഡലം), ഡോ അജു കെ. നാരായണൻ (പ്രൊഫസർ, സ്കൂൾ ഓഫ് ലെന്ഴ്സ്, എം.ജി സർവകലാശാല) എന്നിവർ പ്രഭാഷണങ്ങൾ നടത്തും.

ഉച്ചക്ക് 2.30 ന് രാമചക്യാരുടെ ആദ്യ ശിഷ്യരായ കലാമണ്ഡലം ശിവൻ നമ്പൂതിരി, കലാമണ്ഡലം രാമചക്യാർ(ജൂനിയർ), കലാമണ്ഡലം ഗിരിജ, കലാ മണ്ഡലം ഈശ്വരൻ ഉണ്ണി, കലാമണ്ഡലം ഷൈലജ എന്നിവരെ ആദരിക്കും. തുടർന്ന്, ഗുരുസ്മരണയും കലാവതരണങ്ങളും വേദിയിൽ അരങ്ങേറും.
(പി.ആർ.ഒ/39/2162/2025)

റഗുലർ - പ്രൈവറ്റ് സ്ട്രീം മാറ്റം

യു.ജി. (സിബിസിഎസ് 2017 മോഡൽ-1 സ്കീം-പ്രൈവറ്റ് രജിസ്ട്രേഷൻ) ബി.എ, ബി.കോം പ്രോഗ്രാമുകളിൽ മൂന്ന് മുതൽ ആറു വരെ സെമസ്റ്ററുകളിലേക്കും പി.ജി (സിഎസ്എസ് 2019 സ്കീം-പ്രൈവറ്റ് രജിസ്ട്രേഷൻ) എംഎ, എംഎസ്സി, എംകോം പ്രേഗ്രാമുകളിൽ മൂന്ന് നാല് സെമസ്റ്ററുകളിലേക്കും റഗുലർ-പ്രൈവറ്റ് സ്ട്രീം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചു. നവംബർ അഞ്ചു മുതൽ അപേക്ഷിക്കാം. ഫൈനില്ലാതെ ഡിസംബർ 31 വരെയും ഫൈനോടുകൂടി 2026 ജനുവരി 20 വരെയും സൂപ്പർ ഫൈനോടുകൂടി 2026 ജനുവരി 31 വരെയും അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് mgu.ac.in *ഫോൺ-0481-2733624, 0481-2733406 മെയിൽ-* pr4@ mgu.ac.in

(പി.ആർ.ഒ/39/2163/2025)

സിവിൽ സർവീസ് പരീക്ഷാ പരിശീലനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജനുവരിയിൽ ആരംഭിക്കുന്ന സിവിൽ സർവീസ് പ്രിലിംസ് കം മെയിൻസ് പരീക്ഷാ പരിശീലനത്തിന്റെ ഓൺലൈൻ ഓഫ്ലൈൻ വിവിധ ബാച്ചുകളിൽ അഡ്മിഷൻ ആരംഭിച്ചു. ഫോൺ-9188374553

(പി.ആർ.ഒ/39/2164/2025)

പരീക്ഷാ ഫലം

മൂന്നും നാലും സെമസ്റ്റർ എംഎ ഇസ്ലാമിക് ഹിസ്റ്ററി (പ്രൈവറ്റ് രജിസ്ട്രേഷൻ 2018 അഡ്മിഷൻ സപ്ലിമെന്ററി, 2016, 2017 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഫെബ്രുവരി 2025 പരീക്ഷകളുടെ ഫലം പ്രസദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in

എന്ന ലിങ്കിൽ.

(പി.ആർ.ഒ/39/2165/2025)

പബ്ലിക് റിലേഷൻസ് ഓഫീസർ